# പതിനഞ്ചാം കേരള നിയമസഭ

# പത്താം സമ്മേളനം

2024 ഫെബ്രുവരി 13, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖം - സഹകരണ വകുപ്പ് മന്ത്രി**

**പുതിയ ഊർജ്ജ നയം**

*181 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖലയിലെ കാതലായ മാറ്റം ഉൾക്കൊണ്ട് സംസ്ഥാനം പുതിയ ഊർജ്ജ നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ ഊർജ്ജ നയം രൂപീകരിക്കാൻ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എല്ലാ മേഖലകളിലും സൗരോർജ്ജത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുപുറമേ പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിന് പ്രസ്തുത നയം പ്രാധാന്യം നൽകുമോ; വിശദമാക്കാമോ;

(ഡി) താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും വൈദ്യുതി നൽകുന്നതിലും പുനരുപയോഗ ഊർജ്ജ ലക്ഷ്യം കൈവരിക്കുന്നതിലും ഉൾപ്പെടെ നിതി ആയോഗിന്റെ സുസ്ഥിര വികസന സൂചികകളിൽ കേരളം തുടർച്ചയായി ഒന്നാംസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി**

*182 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധിയിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സാമ്പത്തിക പ്രതിസന്ധി മൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് കെ.എസ്.ഇ.ബി. ചെയർമാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## നവസംരംഭകരെ സൃഷ്ടിക്കുന്നതിനായി കർമ്മപദ്ധതി

*183 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവസംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ, കോളേജ് തലങ്ങളിലായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിന് പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത കർമ്മപദ്ധതി നടപ്പാക്കുന്നതിലൂടെ വ്യവസായ സംരംഭക മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും യുവാക്കൾക്കിടയിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇത് എത്രത്തോളം സഹായകമാണെന്നും വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി മറികടക്കാൻ നടപടി

*184 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ കടബാധ്യത 2016 മുതൽ 2023 വരെ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനത്തിലധികം പൊതുകടം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം നൽകേണ്ട സാമ്പത്തിക വിഹിതം നൽകുന്നതിൽ കേന്ദ്രസർക്കാർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ട തുകയിലെ കുടിശ്ശിക 2016-17

മുതൽ 2022-23 സാമ്പത്തിക വർഷം വരെ എത്രയാണെന്ന് വ്യക്തമാക്കാമോ?

**ചരക്ക് സേവന നികുതി വെട്ടിപ്പുകൾ**

*185 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ചരക്ക് സേവന നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വിറ്റുവരവ് കുറച്ച് കാണിച്ചും ബില്ല് നൽകാതെയും നടത്തുന്ന തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. വകുപ്പുതല ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**സഹകരണ മേഖലയുടെ സാധ്യതകളും വെല്ലുവിളികളും**

*186 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ സാധ്യതകളും നേരിടുന്ന വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിക്കപ്പെട്ട സഹകരണ കോൺഗ്രസ്സിൽ ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ വൈജ്ഞാനിക മേഖലയുടെ പുരോഗതിക്കായി സഹകരണ സർവ്വകലാശാല രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥാപനം താത്പര്യം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭരണഘടനാപരമായ അധികാര പരിധി ലംഘിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് പൊതു ബൈലോ രൂപീകരിക്കുന്നതിനുള്ള നീക്കം കേന്ദ്ര സർക്കാർ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**അനധികൃത ക്വാറിയിംഗ് പ്രവർത്തനങ്ങൾ തടയാൻ നടപടി**

*187 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ പുറംപോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) നിയമ വിരുദ്ധ ക്വാറിയിംഗ് പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഓരോ ജില്ലയിലും പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

## <u>സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി</u>

*188 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾക്ക് പൊതുവിൽ സാമ്പത്തിക വിശ്വാസ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് പറയപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കരുവന്നൂർ, കണ്ടല സഹകരണ ബാങ്കുകൾക്ക് സമാനമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ള എത്ര ബാങ്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഈ വകയിൽ എത്ര കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ക്രമക്കേടുകൾ നടത്തിയിട്ടുള്ള ബാങ്കുകളുടെ ബോർഡ് ഭാരവാഹികളിൽ നിന്ന് നിക്ഷേപകരുടെ നഷ്ടപ്പെട്ട തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കരുവന്നൂർ, കണ്ടല ബാങ്കുകളിലെ നിക്ഷേപകരെ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; നിക്ഷേപം പിൻവലിക്കാൻ ആവശ്യമുന്നയിച്ച നിക്ഷേപകരുടെ എത്ര തുക ഈ ബാങ്കുകൾ ഇനി തിരികെ നൽകാനുണ്ട്; നിക്ഷേപം മടക്കി നൽകാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ നിന്നും എത്ര തുക നിക്ഷേപകരെ സഹായിക്കുവാൻ നൽകിയിട്ടുണ്ട്; നിലവിൽ നിക്ഷേപകന് നൽകാവുന്ന തുക വർധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) സഹകരണ ബാങ്കിംഗ് മേഖലയുടെ സംരക്ഷണത്തിനും ഭാവിയിൽ സാമ്പത്തിക തട്ടിപ്പുകൾ തടയാനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>സാമ്പത്തിക രംഗം ശക്തിപ്പെടുത്താൻ നടപടി</u>

*189 **ശ്രീ. പി. വി. അൻവർ**

**ശ്രീ. എം. എം. മണി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂല സാഹചര്യങ്ങളാൽ തകർച്ച നേരിട്ട സാമ്പത്തിക രംഗത്തെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സാമ്പത്തിക സൂചികകളിൽ രാജ്യത്തെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായകമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിവിധ സ്ഥാപനങ്ങളുടെ ബജറ്റ് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2022 ഡിസംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പഠന റിപ്പോർട്ടിൽ വിവിധ തരത്തിലുള്ള പ്രതികൂല സാഹചര്യം നിലനിൽക്കുമ്പോഴും ദേശീയ ശരാശരിക്ക് മുകളിൽ തനതു നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സാമ്പത്തിക സൂചികകളിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനോടൊപ്പം സാമൂഹ്യ സുരക്ഷാ മേഖലകളിൽ ഈ നേട്ടങ്ങൾ പകർന്ന് നൽകുവാനും ഈ സർക്കാരിന് സാധിച്ചിരുന്നോ; വ്യക്തമാക്കുമോ?

## <u>സി. &എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലുകൾ</u>

*190 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018 മുതൽ 2021 വരെയുള്ള കാലയളവിൽ ആകെ ലഭിച്ചതും വിതരണം ചെയ്തതുമായ തുകകൾ തമ്മിൽ 4478 കോടിയുടെ വ്യത്യാസമുണ്ട് എന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്ന സി. &എ.ജി. റിപ്പോർട്ടിലെ പരാമർശം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) 2018-19, 2019-20 വർഷങ്ങളിൽ പെൻഷൻ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.ടി.) സെല്ലിന്റെയും പെൻഷൻ കമ്പനിയുടെയും ഇടപാടുകണക്കുകൾ പൊരുത്തപ്പെടുന്നതല്ല എന്ന കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>പശ്ചാത്തല സൗകര്യ വികസനത്തിന് കിഫ്ബിയുടെ സംഭാവന</u>

*191 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമസ്ത മേഖലകളിലും പശ്ചാത്തല സൗകര്യ വികസനം സാധ്യമാക്കി അതിലൂടെ സാമ്പത്തിക സുസ്ഥിരത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളിൽ കിഫ്ബി നൽകിയിട്ടുള്ള സംഭാവനയെന്താണെന്ന് വിശദമാക്കുമോ;

(ബി) ദേശീയപാതയടക്കമുള്ള പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി നടത്തിയിട്ടുള്ള ഇടപെടലുകൾ സംസ്ഥാനത്തിന് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ദേശീയപാത വികസനം ത്വരിതഗതിയിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ ചെലവ് സംസ്ഥാനം വഹിച്ചിരുന്നോ; എങ്കിൽ ഈയിനത്തിൽ ചെലവഴിച്ച തുക കൂടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

## വാണിജ്യമേഖലയുടെ വികസനം ഊർജ്ജിതപ്പെടുത്തുവാൻ നടപടി

*192 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; പ്രസ്തുത മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വാണിജ്യ മേഖലയുടെ വികസനം ഊർജ്ജിതപ്പെടുത്തുന്നതിനായി പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോമേഴ്സ് മിഷന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ?

## സഹകരണ മേഖലയെ ബാങ്കിംഗ് രംഗത്ത് സജീവമാക്കുവാൻ നടപടികൾ

*193 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തിലെ സമ്പന്ന രാജ്യങ്ങളോടുപോലും കിടപിടിക്കുന്ന തരത്തിലുള്ള നേട്ടങ്ങൾ പല മേഖലകളിലും കേരളത്തിന് നേടിത്തരുന്നതിൽ സംസ്ഥാനത്തെ സഹകരണ

പ്രസ്ഥാനം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാധാരണക്കാർ തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് വാണിജ്യ ബാങ്കുകളെക്കാൾ ആശ്രയിക്കുന്നത് സഹകരണ സ്ഥാപനങ്ങളെയാണെന്ന് 2013-ൽ പുറത്തുവന്ന റിസർവ് ബാങ്കിന്റെ പഠനം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബാങ്കിംഗ് മേഖലയ്ക്കൊപ്പം കയർ, കൈത്തറി, മത്സ്യ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങി ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട വലിയൊരു ശൃംഖലയായി കേരളത്തിലെ സഹകരണ പ്രസ്ഥാനം മാറിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വീഴ്ച വരുത്തുന്ന സഹകരണ സംഘങ്ങളെ തിരുത്തി ജനങ്ങളുടെ പണം നഷ്ടപ്പെടാത്ത നിലയിൽ അവയെ വീണ്ടും ബാങ്കിംഗ് രംഗത്ത് സജീവമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## ജലവൈദ്യുത പദ്ധതികൾ

*194 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എ. രാജ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവൈദ്യുത പദ്ധതികളിലൂടെയുള്ള വൈദ്യുതി ഉല്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ നടപ്പാക്കിവരുന്ന പശ്ചാത്തല വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികൾക്കുള്ള പ്രത്യേകതകൾ എന്തെല്ലാം; വിശദമാക്കുമോ?

## സാമ്പത്തിക രംഗത്തെ പുനരുദ്ധരിക്കാൻ നടത്തിയ ഇടപെടലുകൾ

*195 **ശ്രീ ഡി കെ മുരളി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചാ നിരക്ക് എത്രയായിരുന്നു; നിലവിൽ ആഭ്യന്തര വളർച്ചാ നിരക്ക് എത്രയാണ്; വ്യക്തമാക്കുമോ;

(ബി) 2016-21 ലെ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്തിന്റെ തനത് വരുമാനം എത്രയായിരുന്നു; നിലവിൽ തനത് വരുമാനം എത്രയാണ്; അറിയിക്കുമോ;

(സി) 2016-21 ലെ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം

ആഭ്യന്തര ഉല്പാദനം എത്രയായിരുന്നു; നിലവിൽ മൊത്തം ആഭ്യന്തര ഉല്പാദനം എത്രയാണ്; വ്യക്തമാക്കുമോ;

(ഡി) രണ്ട് പ്രളയങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച സാമ്പത്തിക ആഘാതങ്ങളും കേന്ദ്ര സർക്കാർ വരുത്തിയ വരുമാനക്കുറവും ഉൾപ്പെടെയുള്ള പ്രതികൂല അവസ്ഥയിലും സാമ്പത്തിക രംഗത്തെ പുനരുദ്ധരിക്കുന്നതിനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>**കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമൂലമുള്ള അധികബാധ്യത**</u>

*196 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേന്ദ്ര വിഹിതം പിൻവലിച്ച പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ ഏതെല്ലാം പദ്ധതി ഘടകങ്ങൾക്കാണ് അതുവരെ നൽകിയിരുന്ന ഫണ്ട് കേന്ദ്രസർക്കാർ നിർത്തലാക്കിയത്; വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ധനവിഹിത ഘടനയിൽ കേന്ദ്രസർക്കാർ കഴിഞ്ഞ അഞ്ച് വർഷത്തിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കാമോ;

(ഡി) ഇപ്രകാരം വിഹിതം നിർത്തലാക്കിയതോ വെട്ടിച്ചുരുക്കിയതോ ആയ പദ്ധതികൾ ഏറ്റെടുക്കേണ്ടിവന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനുണ്ടായ അധികബാധ്യത വെളിപ്പെടുത്താമോ;

(ഇ) മാനദണ്ഡം ആകെ മാറ്റുകയോ പേരുമാറ്റം പോലെയുള്ള പുതിയ നിബന്ധനകൾ ഏർപ്പെടുത്തുകയോ ചെയ്തതുമൂലം തടഞ്ഞുവച്ചിട്ടുള്ള പദ്ധതികളുടെയും തുകയുടെയും വിശദാംശവും അറിയിക്കാമോ?

<u>**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ്**</u>

*197 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ നവകേരളം എന്ന ലക്ഷ്യത്തിലെത്തുന്നതിന് സംസ്ഥാനത്തെ ബിസിനസ് അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ സംസ്ഥാനത്തിന് പുരോഗതി നേടുവാൻ സാധിച്ചിരുന്നോ; വിശദമാക്കുമോ;

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കൂടുതൽ പുരോഗതി നേടുന്നതിനായി പുതിയ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ നടപ്പാക്കുവാനുദ്ദേശിക്കുന്നതും വികസനം സുഗമമാക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

**<u>മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ</u>**

*198 **ശ്രീ. എച്ച്. സലാം**
**ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഏജന്റുമാർ മുഖാന്തിരം ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ സർക്കാരിന്റെ എൻ.ഒ.സി. ആവശ്യമാണോ; എങ്കിൽ വിശദമാക്കുമോ?

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ കണക്കുകൾ</u>**

*199 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി വഴി വിതരണം ചെയ്ത ക്ഷേമപെൻഷനുകൾക്ക് കൃത്യമായ കണക്കോ രേഖകളോ ഇല്ല എന്ന് കമ്പനിയുടെ 2018 മുതൽ 2021 വരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച സി.& എ. ജി. റിപ്പോർട്ടിലെ കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം കൃത്യമായ കണക്കോ രേഖകളോ സൂക്ഷിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം സുതാര്യമാക്കാനും കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കാനും നടപടി സ്വീകരിക്കുമോ?

**<u>മെഡിസെപ്പ് പദ്ധതി</u>**

*200 **ശ്രീ. യു. എ. ലത്തീഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും പിൻമാറുന്നതായി അറിയിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ള പല സ്വകാര്യ ആശുപത്രികളും രോഗികളിൽ നിന്നും മുൻകൂർ പണം വാങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇൻഷുറൻസ് കമ്പനി ഏതെങ്കിലും ആശുപത്രികളെ പദ്ധതിയിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടോ;

(ഡി) മെഡിസെപ്പ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താനും പ്രവർത്തനം മെച്ചപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ഊർജ്ജ കേരള മിഷൻ

*201 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സൗര പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കേന്ദ്ര സർക്കാരിന്റെ സംസ്ഥാനത്തോടുള്ള സമീപനം

*202 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി യു പ്രതിഭ**
**ശ്രീ എം നൗഷാദ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന വിവേചനപരമായ സമീപനത്താൽ വരുമാനത്തിന്റെ വലിയ ഭാഗം നഷ്ടപ്പെട്ടിട്ടും സാമ്പത്തിക ദൃഢീകരണത്തിൽ അധിഷ്ഠിതമായി സംസ്ഥാനം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ റവന്യൂ കമ്മി ഏറ്റവും താഴ്ന്ന നിലയിലെത്തുന്നതിന് സഹായകമായോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്രനയം കാരണമുള്ള അപൂർവ്വമായ സാമ്പത്തിക സാഹചര്യത്തിൽപ്പോലും രാജ്യത്തെ ഉയർന്ന വരുമാന വർദ്ധന നിരക്കും ഉല്പാദന വളർച്ചാ നിരക്കും ആർജ്ജിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വരുമാനക്കുറവ് ഉണ്ടായ പ്രതികൂല സാഹചര്യത്തിലും ക്ഷേമ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ചെലവഴിക്കാൻ കഴിഞ്ഞിരുന്നോ; വിശദമാക്കുമോ?

## സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തവർക്ക് മരണാനന്തര സഹായം

*203 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ജെ. മാക്സി**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനു ശേഷം മരണപ്പെടുന്നവർക്ക് മരണാനന്തര സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) വിവിധ സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പകൾക്ക് പ്രസ്തുത ആനുകൂല്യം ബാധകമാണോ; അനുവദിക്കുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതിയനുസരിച്ച് നൽകിയ തുകയുടെ വിശദാംശം വ്യക്തമാക്കാമോ; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## എല്ലാ വീടുകളിലും വൈദ്യുതി

*204 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എല്ലാ ആദിവാസി ഊരുകളിലും വൈദ്യുതി എത്തിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്താറായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഹരിതോർജ്ജ വരുമാന പദ്ധതി എത്ര മാത്രം നേട്ടം കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## സഹകാരി സാന്ത്വനം പദ്ധതി

*205 **ശ്രീ എം മുകേഷ്**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരാലംബരും അശരണരുമായ സഹകാരികൾക്ക് ആശ്വാസമേകുന്നതിനായി സഹകാരി സാന്ത്വനം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളും ഉദ്ദേശലക്ഷ്യങ്ങളും വിശദമാക്കാമോ;

(സി) പദ്ധതിയിലൂടെ ഇതിനകം എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

## വൈദ്യുതി കരാറുകൾ

*206 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -16 ലെ സർക്കാരിന്റെ കാലത്തെ ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയ ശേഷം കെ.എസ്.ഇ.ബി. ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമായി അദാനി കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) 2011 - 16-ലെ കാലത്തെ ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയത് അദാനി കമ്പനിയെ സഹായിക്കാനാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>നിതി ആയോഗിന്റെ വെളിപ്പെടുത്തൽ</u>**

*207 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട ഫണ്ട് വെട്ടിക്കുറയ്ക്കാൻ കേന്ദ്ര സർക്കാർ രഹസ്യനീക്കം നടത്തിയതായുള്ള നിതി ആയോഗ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ വെളിപ്പെടുത്തൽ സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നിതി ആയോഗിന്റെ സൂചിക പ്രകാരം ഒന്നാം സ്ഥാനത്തെത്തിയിട്ടുള്ള കേരളത്തിന് അർഹിക്കുന്ന നികുതി വിഹിതം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സാമ്പത്തിക കാര്യങ്ങളിൽ കേന്ദ്രസർക്കാർ നിരന്തരമായി അവഗണിക്കുന്ന സാഹചര്യം നേരിടാൻ സംസ്ഥാനം സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ?

**<u>ഉല്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി</u>**

*208 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും കണ്ടുപിടിക്കപ്പെടുന്ന നൂതന ആശയങ്ങൾ പലതും മാർക്കറ്റുകളിൽ എത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) അത്തരം കണ്ടുപിടിത്തങ്ങൾക്ക് കൈത്താങ്ങ് നൽകി അവ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളാക്കുവാൻ യുവതലമുറയ്ക്ക് കരുത്ത് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) യുവഗവേഷകരുടെ പുതിയ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതി എൻജിനീയറിംഗ്, ഭക്ഷ്യസംസ്കരണം, പാക്കിങ്, ഓട്ടോമേഷൻ തുടങ്ങി എല്ലാ മേഖലയിലെയും പുതിയ കണ്ടുപിടിത്തങ്ങൾക്ക് കരുത്തേകുമോ; വിശദമാക്കാമോ;

(ഡി) ഉല്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

## കൈത്തറി മേഖലയിലെ വികസന പദ്ധതികൾ

*209 **ശ്രീ. എം.വിജിൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൈത്തറി മേഖലയിൽ നടപ്പാക്കി വരുന്ന വികസന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി പരിഹാരം നിർദ്ദേശിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) യുവതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

## സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

*210 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ;

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത എസ്റ്റേറ്റുകൾ വഴി വ്യവസായ സംരംഭകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ് ഷാജി സി. ബേബി,
തിരുവനന്തപുരം, സെക്രട്ടറി ഇൻ ചാർജ്

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].